LIBRARY ARCHIVES Kerala Legislative Assembly

പുതിയ ജോയിന്റ് ആർ.റ്റി. ഓഫീസുകൾ

365 (2195) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്, വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം അനുവദിച്ച എല്ലാ താലൂക്കുകളിലും ജോയിന്റ് ആർ. റ്റി. ഓഫീസ് അനുവദിച്ചിട്ടുണ്ടോ; ഏതൊക്കെ താലൂക്കുകളിലാണ് അനുവദിച്ചിട്ടുള്ളതെന്നും ഇനി അനുവദിക്കാനുള്ള താലൂക്കുകൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ;

(ബി) അനുവദിക്കാനുള്ള താലൂക്കുകളിൽ ജോയിന്റ് ആർ. റ്റി. ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതിയും എന്നത്തേക്ക്നടപടികൾ പൂർത്തിയാക്കുമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല. ഈ സർക്കാർ വന്നതിനുശേഷം അനുവദിച്ച 12 താലൂക്കുകളിൽ, ഇടുക്കി താലൂക്കിൽ ആർ.ടി. ഓഫീസും, പട്ടാമ്പി, ചാലക്കുടി, പുനലൂർ, താമരശ്ശേരി എന്നീ താലൂക്കുകളിൽ സബ് ആർ.ടി.ഓഫീസുകളും നേരത്തേ തന്നെ പ്രവർത്തിച്ചു വരുന്നുണ്ട്. താലൂക്ക് അടിസ്ഥാനത്തിൽ സബ്. ആർ.ടി. ഓഫീസുകൾ അനുവദിക്കുക എന്നതിലുപരി വാഹന പെരുപ്പം, ജനങ്ങൾക്ക് സമയബന്ധിത സേവനങ്ങൾ ലഭ്യമാക്കുക എന്നിവയാണ് പുതിയ ഓഫീസുകൾ തുടങ്ങുന്നതിന് പരിഗണിക്കാറുള്ളത്. അതിനാൽ ഓരോ താലൂക്കിലും സബ് ആർ.ടി.ഓഫീസ് അനുവദിക്കണമെന്ന് നിർബന്ധമില്ല.

(ബി) ഇല്ല.

കർണ്ണാടക സംസ്ഥാനത്തിലേക്ക് പ്രവേശിക്കുന്ന ടൂറിസ്റ്റ് ടാക്സികൾ

366 (2196) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർണ്ണാടക സംസ്ഥാനത്തിലേക്ക് പ്രവേശിക്കുന്ന ടൂറിസ്റ്റ് ടാക്സികൾക്ക് ഏർപ്പെടുത്തിയ അധിക നികുതി സംബന്ധിച്ച ടാക്സി ഡ്രൈവർമാരുടെ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നപരിഹാരത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) കർണ്ണാടക സർക്കാരിന്റെ പ്രസ്തുത നിയമംമൂലം ദുരിതത്തിലായ കാസർഗോട് ഉൾപ്പെടെയുള്ള അതിർത്തി ജില്ലകളിലെ ടാക്സി ഡ്രൈവർമാരുടെ പ്രശ്നം എപ്പോൾ പരിഹരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 22-9-2014-ൽ കേരള സംസ്ഥാന ഗതാഗത വകുപ്പുമന്ത്രിയും കർണ്ണാടക സംസ്ഥാന ഗതാഗത മന്ത്രിയും വകുപ്പ് മേധാവികളും ഈ വിഷയത്തിൽ ചർച്ച നടത്തിയിരുന്നു.

(സി) 22-9-2014-ൽ കേരള സംസ്ഥാന ഗതാഗത വകുപ്പ് മന്ത്രിയും കർണ്ണാടക സംസ്ഥാന ഗതാഗത മന്ത്രിയും വകുപ്പ് മേധാവികളും ഈ വിഷയത്തിൽ ചർച്ച നടത്തിയിരുന്നു. ഓരോ സംസ്ഥാനത്തെയും മോട്ടോർ വാഹന നികുതി നിർണ്ണയിക്കുന്നതിന് അതതുസംസ്ഥാനങ്ങൾക്ക് അധികാരമുണ്ട്. ഇതുകൂടാതെ കർണ്ണാടക സർക്കാർ തീരുമാനിക്കുന്ന നികുതി ഘടന കർണ്ണാടക ഹൈക്കോടതി അംഗീകരിക്കുകയുണ്ടായി. കർണ്ണാടക സർക്കാർ നികുതി ഘടനയിൽ മാറ്റം വരുത്തിയാൽമാത്രമേ ഈ പ്രശ്നംപരിഹരിക്കുവാൻ കഴിയുകയുള്ളൂ.

വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ

367 (2197) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം മേൽനടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ ഉണ്ടാകുന്നതിന്റെ കാരണങ്ങൾ പഠിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും റിട്ടയേർഡ് ജസ്റ്റിസ് ശ്രീ. റ്റി. കെ. ചന്ദ്രശേഖരദാസ് അന്വേഷണ കമ്മീഷനെ സർക്കാർ നിയമിക്കുകയും കമ്മീഷൻ സർക്കാരിന് അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുമുണ്ട്. റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly